**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യസമ്പത്തിന്റെ ലഭ്യത വർധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ മത്സ്യ സമ്പത്തിന്റെ ലഭ്യത സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് ഇത് സംബന്ധിച്ച പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. ഫിഷറീസ് വകുപ്പ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) യുമായി ചേർന്ന് സമുദ്ര മത്സ്യങ്ങളുടെ ലാന്റിങ്ങിന്റെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നുണ്ട്. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻകോയിസിന് (Indian National Centre for Ocean Information Services) വേണ്ടി സംസ്ഥാനത്തെ ഫിഷറീസ് സർവകലാശാല മത്സ്യ ലഭ്യത പ്രവചനം സംബന്ധിച്ച് വിവരശേഖരണം നടത്തി വരുന്നു. കൂടാതെ വിവിധയിനം മത്സ്യങ്ങളുടെ ലഭ്യത സംബന്ധിച്ച നിരവധി ഗവേഷണ പ്രവർത്തനങ്ങളും സർവ്വകലാശാലയിൽ നടക്കുന്നുണ്ട്. |
| (ബി) | മത്സ്യ സമ്പത്ത് വലിയ രീതിയിൽ കുറയുന്ന സാഹചര്യത്തിൽ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമ ങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജിപിഎസ് സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, ഉമ്പ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 120 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും കൊച്ചുതുറ, പൂതുക്കുറിച്ചി മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 140 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും, പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ യഥാക്രമം 279, 280, 175 എണ്ണം കൃത്രിമ പാര് മോഡ്യൂളുകളും സ്ഥാപിച്ച കഴിഞ്ഞു. 2020-21 സാമ്പത്തിക വർഷം പുതിയതുറ, പൂവാർ എന്നീ |

| | | | |
|---|---|---|---|
| | | | മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ 310 കൃത്രിമ പാര് മോഡ്യൂളുകൾ വീതം സ്ഥാപിയ്ക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചു. 2021-22 വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ വേളി മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ 310 കൃത്രിമ പാര് മോഡ്യൂളുകൾ നിക്ഷേപിച്ചു.<br><br>ഇതുകൂടാതെ വിഴിഞ്ഞം പുനരധി വാസ പാക്കേജിൽ ഉൾപ്പെടുത്തി കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ 7 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ്നിർമ്മിതിയിലുള്ള കൃത്രിമ പാര് മോഡ്യൂളുകൾ വീതം ആകെ 1400 റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാര് മോഡ്യൂളുകൾ സ്ഥാപിച്ചുകഴിഞ്ഞു. |
| (സി) | പ്രകൃതിദത്ത പാരുകൾക്ക് സമീപം ജി.പി.എസ്. സഹായത്തോടെ നിർമ്മിക്കുന്ന കൃത്രിമ പാരുകൾ ഇക്കാര്യത്തിൽ വേണ്ടത്ര പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (സി) | മത്സ്യസമ്പത്ത് വലിയ രീതിയിൽ കുറയുന്ന സാഹചര്യത്തിൽ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി ജി.പി.എസ് സഹായത്തോടെ നിക്ഷേപിക്കുന്ന കൃത്രിമപാരുകൾ ഇക്കാര്യത്തിൽ വേണ്ടത്ര പര്യാപ്തമാണെന്ന് പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നു. പാരുകൾ സ്ഥാപിച്ചിട്ടുള്ള മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരത്തും സമീപ ഗ്രാമങ്ങളിലും നടത്തിയ 'പോസ്റ്റ് ഇൻസ്റ്റലേഷൻ' പഠനങ്ങളിൽ തീരദേശ മത്സ്യസമ്പത്ത് ഗണ്യമായ തലത്തിലേക്ക് പുനരുജ്ജീവിപ്പിച്ചതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ച് ഒരു വർഷത്തിനുശേഷം 'Under water Study' നടത്തുകയും മത്സ്യസമ്പത്തിന്റെ പുനരു ജ്ജീവനം സമൃദ്ധമായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിന്റെ ഈ സാമ്പത്തിക വർഷത്തെ പുരോഗതി അറിയിക്കുമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി കൃത്രിമ പാരുകൾ സ്ഥാപിക്കുന്നത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ